# പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2127**
**18.07.2016-ന് മറുപടിയ്ക്ക്**

## <u>ഹയർ സെക്കണ്ടറി സ്കൂളുകളിൽ ശൗചാലയം സ്ഥാപിക്കാൻ നടപടി</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പാറക്കൽ അബ്ദുള്ള | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് മേഖലകളിലായി ശൗചാലയമില്ലാത്ത എത്ര ഹയർ സെക്കണ്ടറി സ്കൂളുകൾ സംസ്ഥാനത്തുണ്ടെന്നുള്ള ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ; | (എ) എല്ലാ ഹയർ സെക്കണ്ടറി സ്കൂളുകളിലും ശൗചാലയങ്ങൾ ഉണ്ട്. |
| (ബി) ശൗചാലയങ്ങൾ ഉള്ള സ്കൂളുകളിൽ തന്നെ വൃത്തിയും ജലലഭ്യതയും ഇല്ലാത്തതിനാൽ കുട്ടികൾക്ക് ഇവ ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശൗചാലയങ്ങളുടെ വൃത്തിയും ജലലഭ്യതയും ഉറപ്പുവരുത്തുന്നതിനായി ഹയർ സെക്കണ്ടറി ഡയറക്ടർ എല്ലാ സ്കൂൾ പ്രിൻസിപ്പാൾമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) ഇതു കുട്ടികളിൽ ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായ കാര്യം പരിശോധിച്ചിട്ടുണ്ടോ;<br>(ഡി) എങ്കിൽ ശൗചാലയമില്ലാത്ത ഹയർ സെക്കണ്ടറി സ്കൂളുകളിൽ അവ സ്ഥാപിക്കുന്നതിനായി എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കുമോ? | (സി) & (ഡി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ